ടെലഫോൺ.2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപ്)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ.2111 /ബി2-എസ്റ്റാ/2021/എൻ.സി.സി

25 മാർച്ച് 2021

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും,
എൻ.സി.സി ഓഫീസുകൾക്കും
സർ,

**വിഷയം : എൻ.സി.സി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഹയർ ഗ്രേഡിൽ അധികം കൈപ്പറ്റിയ തുക തിരിച്ച് പിടിക്കുന്നത് - സംബന്ധിച്ച്.**

സൂചന:

(1) 25/09/2020 തീയതിയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ എ2/92/2020/ഉവിവ നമ്പർ കത്ത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

(2) ശ്രീ ഷാജഹാൻ, സീനിയർ ക്ലാർക്ക്, 1 കേരള ഗേൾസ് ബറ്റാലിയൻ എൻ.സി.സി തിരുവനന്തപുരത്തിന്റെ 28/12/2020 തീയതിയിലെ ടി വിഷയ സംബന്ധമായ പരാതിയും ബഹു: ADG യുമായി ടി വിഷയ സംബന്ധമായി 16/03/2021 തീയതിയിൽ നേരിൽ ബോധിപ്പിച്ച അപേക്ഷയുടെ തുടർ നടപടി ക്രമം.

(3) 01/01/2021 തീയതിയിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് (എ) യുടെ എ2/291/2018/ഉവിവ നമ്പർ കത്ത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

(4) 11.02.2021- ലെ 5876/ബി2-എസ്റ്റാ/2019/എൻ.സി.സി നമ്പർ കത്ത്.

1. സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എൻ.സി.സി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നതിൽ അപാകതയുണ്ടെന്ന ശ്രീ അനിൽകുമാർ ബിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ സൂചന 3 പ്രകാരം, പ്രവേശന തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കി പ്രമോഷനുള്ള യോഗ്യതകൾ നേടിയിട്ടുള്ള വ്യക്തിക്കു മാത്രമേ റഗുലർ പ്രമോഷൻ ലഭിക്കുന്നതിന് അർഹതയുള്ളു എന്നും അപ്രകാരം റഗുലർ പ്രമോഷൻ അർഹതയുള്ള ജീവനക്കാരനു മാത്രമേ യോഗ്യതാ (പ്രമോഷൻ തസ്തികയുടെ) സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാൻ സാധിക്കുകയുള്ളുവെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്.

2. ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് Non qualified scale തെറ്റായി അനുവദിച്ചത് പ്രകാരം അധികം കൈപ്പറ്റിയ തുക തിരിച്ച് പിടിക്കുന്നതിൽ സൂചന 1 പ്രകാരവും സർക്കാരിൽ നിന്നും മറുപടി ലഭ്യമായിട്ടുണ്ട്. ആയതിനാൽ ഈ വകുപ്പിൽ നിന്നും തെറ്റായി അനുവദിച്ച് നൽകിയ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡിന്റെ Non Qualified Scale ആയ 11620-20240-ൽ നിന്നും 10480-18300 (അല്ലെങ്കിൽ 22200 - 48000 ൽ നിന്ന് 20000-45800 പത്താം ശമ്പള കമ്മീഷൻ പ്രകാരം) എന്ന സ്കെയിലേയ്ക്ക് ഉത്തരവ് ഭേദഗതി ചെയ്യേണ്ട ജീവനക്കാരുടെയും, 5650 - 8790 പേ സ്കെയിലിൽ പേ ഫിക്സ് ചെയ്തിട്ടുള്ളതും ഒമ്പതാം ശമ്പള കമ്മീഷൻ സമയത്ത് നേരിട്ട് 11620-20240/- സ്കെയിലേക്ക് പേ ഫിക്സ് ചെയ്തതുമായിട്ടുള്ള ജീവനക്കാരുടെയും കൂടാതെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനു മുമ്പേ qualified scale അനുവദിച്ച് നൽകിയിട്ടുള്ളവർ (പെൻഷൻ ആയവർ) ഉൾപ്പെടെയുള്ളവരുടെ സേവന പുസ്തകം പരിശോധിച്ച്, ഈ വകുപ്പിലെ എല്ലാ ഓഫീസുകളിലെയും ഓഫീസ് മേധാവികൾ താങ്കളുടെ കാര്യാലയത്തിലെ ടി വിഷയങ്ങൾ സംബന്ധമായി ബാധകമായ **എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ ഇതോടൊപ്പം കൊടുത്തിരിക്കുന്ന അനുബന്ധം എ (നിലവിൽ വർക്ക് ചെയ്യുന്ന ജീവനക്കാർ), അനുബന്ധം ബി (പെൻഷൻ പറ്റിയ ജീവനക്കാർ) എല്ലാ കോളങ്ങളും പൂരിപ്പിച്ച് ആവശ്യമായ രേഖകളുടെ കോപ്പി ഉൾക്കൊള്ളിച്ച് ഡി.ഡി.ഒ യുടെയും, ഹെഡ് ഓഫ് ഓഫീസിന്റെയും പ്രസ്തുത ഫോർമാറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സത്യവാങ്മൂലം ബന്ധപ്പെട്ട ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിലേയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്.**

3. എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളും ടി വിവരങ്ങൾ ക്രോഡീകരിച്ച് 15.05.2021-ന് മുൻപായി ഈ കാര്യാലയത്തിൽ ടി വിഷയ സംബന്ധമായ തുടർ നടപടികൾക്കായി കാലതാമസം കൂടാതെ തന്നെ അയച്ചുതരേണ്ടതാണ്. ടി നിർദ്ദേശങ്ങൾ എല്ലാ ഓഫീസുകളും കർശനമായി പാലിക്കേണ്ടതാണ്. ഹയർ ഗ്രേഡ് അനുവദിച്ചതുമായി ബന്ധപ്പെട്ട് അധികമായി കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്നത് സംബന്ധിച്ച് സൂചന 4 പ്രകാരം സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ

(കെ. അനിൽകുമാർ)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

ആഡിറ്റ് വിംഗ് :-

ആഭ്യന്തര ആഡിറ്റ് പരിശോധന സമയങ്ങളിൽ ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലെയും ടി ഫയൽ പരിശോധിച്ച് ടി ജീവനക്കാരുടെ (പെൻഷൻ ആയവർ ഉൾപ്പെടെ ) വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി വിവരങ്ങളുടെ കൃത്യത പരിശോധിക്കേണ്ടതാണ്. കൂടാതെ 31 ഡിസംബർ 2021-ന് മുൻപായി വിരമിക്കുന്ന ജീവനക്കാരുടെ സ്പെഷ്യൽ ആഡിറ്റ് ചെയ്ത ഫയലുകൾ മേൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം പുനഃപരിശോധിക്കേണ്ടതാണ്. (സൂചന കത്തുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു).

Internal :-

B3/SF/File/194

NCC DIRECTORATE
STATE WING
Thiruvananthapuram -10
KERALA & LAKSHADWEEP

Appendix 'A'

**DETAILS OF EMPLOYEES GRANTED FIRST TIME BOUND MILITARY GRADE COUNTING WAR/MILITARY SERVICE**

Name of the Unit:

Name of Group HQs

| Sl No | PEN No, Name and Designation | Date of entry in to service | Date of Declaration of probation **(Copy of Proceedings should be enclosed)** | Cadre in which FTBHG availed | FTBHG with Scale of pay | | | | FTBHG Granted proceedings No & Date **(Copy of Proceedings should be enclosed)** | Modified FTBHG proceedings (Received if any) (YES/NO) | If Yes, modified FTBHG Granted proceedings No & Date **(Copy of Proceedings should be enclosed)** and give the present possition of the recovery details | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | **Non Qualified** | | **Qualified** | | | | | |
| | | | | | Date w.e.f Granted | Scale of Pay | Date w.e.f Granted | Scale of Pay | | | | |
| 1 | | | | | | | | | | | | |
| 2 | | | | | | | | | | | | |
| 3 | | | | | | | | | | | | |
| 4 | | | | | | | | | | | | |
| 5 | | | | | | | | | | | | |
| 6 | | | | | | | | | | | | |

**Certified that the above details have been physically verified and found correct. All employees (TBHG Granted only) of this office have been included in the above list.**

Signature of the DDO

Signature of the Head of Office

Appendix 'B'

**DETAILS OF RETIRED EMPLOYEES GRANTED FIRST TIME BOUND MILITARY GRADE COUNTING WAR/MILITARY SERVICE**

Name of the Unit:

Name of Group HQs

| Sl No | PEN No (if any) | Name and Designation | Date of entry in to service | Date of Declaration of probation **(Copy of Proceedings should be enclosed)** | Date of Retirement | Cadre in which FTBHG availed | FTBHG with Scale of pay | | | | FTBHG Granted proceedings No & Date **(Copy of Proceedings should be enclosed)** | Modified FTBHG proceedings (Received if any) **(YES/NO)** | If yes, modified FTBHG Granted proceedings No & Date **(Copy of Proceedings should be enclosed)** and give the present position of the recovery details | Pension Payment Order No with AG verification No & date **(Copy of above should be enclosed)** | Name of Pension payment treasury | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | **Non Qualified** | | **Qualified** | | | | | | | |
| | | | | | | | Date w.e.f Granted | Scale of Pay | Date w.e.f Granted | Scale of Pay | | | | | | |
| 1 | | | | | | | | | | | | | | | | |
| 2 | | | | | | | | | | | | | | | | |
| 3 | | | | | | | | | | | | | | | | |
| 4 | | | | | | | | | | | | | | | | |
| 5 | | | | | | | | | | | | | | | | |
| 6 | | | | | | | | | | | | | | | | |

**Certified that the above details have been physically verified and found correct. All retired employees, TBHG sanctioned earlier have been of this office included in the list.**

Signature of the DDO

Signature of the Head of Office

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

25/09/2020,തിരുവനന്തപുരം

നം.എ2/92/2020/ഉവിവ

ഗവ പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ,
എൻ.സി.സി,
തിരുവനന്തപുരം.

സർ,

വിഷയം:- ഉവിവ - സമയ ബന്ധിത ഹയർ ഗ്രേഡ്- അധികം കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത്- ശ്രീ ബൈജു പി.എസ് -ന്റെ അപേക്ഷ - സംബന്ധിച്ച്

സൂചന:- താങ്കളുടെ 13-5-2020 ലെ 553/ബി2-എസ്റ്റ/TBHG/2019/എൻ.സി.സി നം കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീ ബൈജു പി.എസ് -ന്റെ ശമ്പള നിർണയവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള വിവരം താങ്കളെ അറിയിക്കുന്നു:-

വിമുക്ത ഭടന്മാർക്ക് മുൻകാല വാർ/മിലിട്ടറി സർവ്വീസ് കണക്കാക്കി സംസ്ഥാന സർവ്വീസിൽ ആദ്യ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് നൽകുമ്പോൾ ടിയാളുകൾ സർവ്വീസിൽ പ്രവേശിച്ച തിയതിയിൽ സമയ ബന്ധിത ഹയർ ഗ്രേഡ് ശമ്പള പരിഷ്കരണ ഉത്തരവിലെ സ്റ്റാൻഡേർഡ് സ്കെയിൽ ഓഫ് പേയിലെ നിലവിലെ ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന ശമ്പള സ്കെയിലിൽ KSR Part I , Rule 28A നിർണ്ണയ ആനുകൂല്യത്തോടെ അനുവദിക്കാവുന്നതും, അതിന് ശേഷം ടിയാളുടെ പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ച് പ്രമോഷന് വേണ്ട ടെസ്റ്റുകൾ പാസ്സാകുന്ന തിയതിമുതൽ പ്രാബല്യത്തിൽ ടിയാൾക്ക് പ്രസ്തുത ഗ്രേഡ് Rule 30 പ്രകാരം ക്രമീകരിക്കേണ്ടതുമാണ്. ടെസ്റ്റ് യോഗ്യതയുടെ അഭാവത്തിൽ സമയ ബന്ധിത ഹയർ ഗ്രേഡ് , പ്രമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിൽ അനുവദിക്കുവാൻ കഴിയില്ല. കൂടാതെ ഒരു തസ്തികയ്ക്ക് റഗുലർ പ്രമോഷൻ തസ്തികയില്ലാത്ത സാഹചര്യത്തിലാണ് പ്രമോഷന് യോഗ്യത നേടിയിട്ടുള്ള ജീവനക്കാരന് ശമ്പള പരിഷ്കരണ ഉത്തരവിലെ ടേബിൾ സ്കെയിൽ പ്രകാരമുള്ള ശമ്പള സ്കെയിലിൽ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത്. അതിനാൽ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എൻ.സി.സി വകുപ്പിൽ, 9940-16580 രൂപ ശമ്പള സ്കെയിലിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് 14-9-2015 ലെ ജി.ഒ(പി)408/2015/ഫിൻ നം ഉത്തരവുപ്രകാരം മിലിട്ടറി സർവീസ് കണക്കാക്കി ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് 10480-18300 ശമ്പള

ക്രമപ്രകാരമാണ്.

State of Punjab Vs Rafiq Masih കേസ്സിലെ വിധി പരിഗണിച്ചു കൊണ്ട് Hon'ble HC of Punjab & Haryana and others VS Jagdev Sing കേസ്സിലെ ബഹു. സുപ്രീം കോടതിയുടെ 29.7.2016 ലെ വിധിന്യായത്തിൽ , അനർഹമായി അനുവദിക്കപ്പെട്ടിട്ടുള്ള ആനുകൂല്യം തിരിച്ചടയ്ക്കുന്നതാണെന്ന് രേഖാമൂലമുള്ള ഉറപ്പിന്മേൽ ആനുകൂല്യങ്ങൾ അനുവദിക്കുന്ന സാഹചര്യത്തിൽ റിക്കവറി നടത്താവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ഏതൊരു സർക്കാർ ജീവനക്കാരനും ഗ്രേഡ്/പ്രമോഷൻ/ശമ്പള പരിഷ്കരണം സംബന്ധിച്ച് ശമ്പള നിർണ്ണയം നടത്തുമ്പോൾ മേൽ നിർണ്ണയ പ്രകാരം അധിക തുക കൈപ്പറ്റിയിട്ടുണ്ടെന്ന് ഭാവിയിൽ ബോധ്യപ്പെട്ടാൽ ആയത് തിരിച്ചടച്ചു കൊള്ളാമെന്ന് സമ്മതിച്ചുകൊണ്ട് ഓപ്ഷനോടൊപ്പം ഒരു ഡിക്ലറേഷനും നിർബന്ധമായും നൽകേണ്ടതുണ്ട്. 8.8.2008 ലെ 46/2008/ ധന നമ്പർ സർക്കുലറിന്റെ ഖണ്ഡിക 11 ലും ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ.ബൈജു option/declaration നൽകിയിട്ടുള്ള സാഹചര്യത്തിൽ ശമ്പള നിർണ്ണയം നടത്തിയതുമൂലം ടിയാൻ അധികമായി കൈപ്പറ്റിയ 43658/- രൂപ ഒഴിവാക്കി നല്കാവുന്നതല്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
RAJESHKUMAR.K.K.
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

| NCC Dte (K&L) | State Wing (Est) |
|---|---|
| ADG | |
| DDG | |
| DIR | |
| Adm Officer | |
| Adm Asst | |
| Sr Supdt Est | |
| Jr Supdt Est (A) | |
| Jr Supdt Est (B) | |
| Date 01/10 | Section B2 |
| No | 5043 |

"ഭരണഭാഷ- മാതൃഭാഷ"

Break the Chain

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്

01/01/2021,തിരുവനന്തപുരം

നം.എ2/291/2018/ഉവിവ

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സി
തിരുവനന്തപുരം

സർ,

വിഷയം:- ഉവിവ - എൻ.സി.സി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നതിൽ അപാകതയുണ്ടെന്ന ശ്രീ അനിൽകുമാർ ബി-യുടെ പരാതി - സംബന്ധിച്ച്

സൂചന:- 1) താങ്കളുടെ 23-12-2010 ലെ 9426/എ3-എസ്റ്റാ/2010/എൻ.സി.സി നം. നടപടിക്രമം.
2) ശ്രീ. അനിൽകുമാർ ബി ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 18-9-2018 ലെ നിവേദനം.
3) താങ്കളുടെ 11-8-2018, 3-9-2019 തീയതികളിലെ 583/B2-Est/2016/NCC നം. കത്ത്.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എൻ.സി.സി ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീ. പി. ഗോപിനാഥന് മിലിട്ടറി സർവീസ് കണക്കാക്കി സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചപ്പോൾ നടത്തിയ ശമ്പള നിർണയവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള വിവരം താങ്കളെ അറിയിക്കുന്നു:-

നിശ്ചിത വർഷ യോഗ്യതാസേവനം പൂർത്തിയാക്കിയിട്ടും റഗുലർ പ്രമോഷൻ ലഭിക്കാതെ പ്രവേശന തസ്തികയിൽ തുടരുന്ന ജീവനക്കാർക്ക് പ്രമോഷന് തുല്യമായി നൽകുന്ന ആനുകൂല്യമാണ് സമയ ബന്ധിത ഹയർഗ്രേഡ് പ്രമോഷൻ. റഗുലർ പ്രമോഷൻ ലഭിക്കുന്നതിനുള്ള എല്ലാ യോഗ്യതകളും നേടിയിട്ടുള്ളവർക്ക മാത്രമേ യോഗ്യതാ (പ്രമോഷൻ തസ്തികയുടെ) സ്കെയിലിൽ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കാനാവൂ. യോഗ്യത നേടിയിട്ടില്ലാത്തവർക്ക് അയോഗ്യതാ സ്കെയിലിൽ (കാലാകാലങ്ങളിലെ ശമ്പളപരിഷ്കരണ ഉത്തരവുകളിലെ List of Standard Scale ൽ തൊട്ടുയർന്ന സ്കെയിൽ) മാത്രമേ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുവാനാകൂ. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 08/08/2008-ലെ 46/08/ഫിൻ നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുള്ളതാണ്. ടി സർക്കുലറിലെ ഖണ്ഡിക 24 ൽ മുൻകാല War/Military Service പരിഗണിച്ച് സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്ന കാര്യം പ്രതിപാദിച്ചിട്ടുള്ളതാണ്. കൂടാതെ കാലാകാലങ്ങളിലെ ശമ്പളപരിഷ്കരണ ഉത്തരവുകളിലും ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മറ്റ് ഉത്തരവുകളിലും സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. പത്താം ശമ്പളപരിഷ്കരണ ഉത്തരവായ 20/01/2016 ലെ G.O(P) No. 07/2016/Fin സർക്കാർ ഉത്തരവിന്റെ അനുബന്ധം II ലെ

File No.HEDN-A2/291/2016-HEDN

ഖണ്ഡിക 19 ലും മുൻകാല War/Military Service പരിഗണിച്ച് സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്ന കാര്യം പ്രതിപാദിച്ചിട്ടുണ്ട്.

പ്രവേശന തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കി പ്രമോഷനുള്ള യോഗ്യതകൾ നേടിയിട്ടുള്ള വ്യക്തികൾ മാത്രമേ റഗുലർ പ്രമോഷൻ ലഭിക്കുന്നതിന് അർഹതയുള്ളൂ. അപ്രകാരം റഗുലർ പ്രമോഷന് അർഹതയുള്ള ജീവനക്കാരനു മാത്രമേ യോഗ്യതാ (പ്രമോഷൻ തസ്തികയുടെ) സ്കെയിലിൽ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുവാൻ കഴിയൂ. ഇത് സമയ ബന്ധിത ഹയർ ഗ്രേഡ് സ്കീമിന്റെ അടിസ്ഥാന തത്വമാണ്.

NCC ഡയറക്ടറേറ്റിലെ UDC ആയ ശ്രീ അജയഘോഷ് KC യും മറ്റ് 28 പേരും (ശ്രീ ഗോപിനാഥൻ. പി ഉൾപ്പെടെ) കൂടി ഫയൽ ചെയ്ത WP(c). No. 35566/2010 -ാം നമ്പർ കേസിൻമേലുള്ള ബഹു. കോടതിയുടെ 29/11/2010 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സൂചന(1) ലെ നടപടിക്രമം പ്രകാരം ശ്രീ. പി. ഗോപിനാഥന് ടിയാൻ ടെസ്റ്റ് യോഗ്യത നേടിയ 12/01/2002 ൽ തന്നെ യോഗ്യതാ സ്കെയിൽ അനുവദിച്ചിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. ടിയാന് പ്രൊബേഷൻ പൂർത്തിയാക്കിയ 11/10/2003 പ്രാബല്യത്തിൽ മാത്രമേ യോഗ്യതാ സ്കെയിലിന് (4000-6090) അർഹതയുള്ളൂ.

ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട് അധികമായി കൈപ്പറ്റിയ തുക യഥാസമയം ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ടി തുക ശമ്പള നിർണ്ണയ അധികാരിയുടെ ബാധ്യതയായി കണക്കാക്കേണ്ടതും ടി അധികാരി റിട്ടയർ ചെയ്യുന്ന പക്ഷം ടിയാളുടെ പെൻഷൻ ആനുകൂല്യത്തിൽനിന്നും കെ എസ് ആർ പാർട്ട് III ലെ 3,116 എന്നീ ചട്ടങ്ങൾ പ്രകാരം ടി തുക ഈടാക്കേണ്ടതുമാണ് എന്ന് 30/01/2013-ലെ നമ്പർ 12/2013/ധന , സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, സൂചന(1) ലെ നടപടിക്രമം പ്രകാരം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച നൽകിയിട്ടുള്ള 18 ഉദ്യോഗസ്ഥരുടെ ശമ്പള നിർണ്ണയം ചട്ടപ്രകാരം ക്രമീകരിച്ച് അവർ അനർഹമായി കൈപ്പറ്റിയ തുക തിരിച്ച പിടിക്കുന്നതിനും, ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിച്ച് വിവരം സർക്കാരിനെ അറിയിക്കുവാനും താല്പര്യപ്പെടുന്നു.

ശ്രീ. പി. ഗോപിനാഥന്റെ സേവന പുസ്തകം ഇതോടൊപ്പം മടക്കി അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
RAJESHKUMAR.K.K.
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ,